# പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3)
പ്രകാരമുള്ള സംക്ഷേപം

**കൃഷി, മണ്ണുപര്യവേക്ഷണ-സംരക്ഷണം എന്നീ വകുപ്പുകളുടെ**
**2011-2012 സാമ്പത്തിക വർഷത്തെ വാർഷിക**
**പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള**
**ചർച്ച സംബന്ധിച്ച്**

2014 ഡിസംബർ 12-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരമുള്ള സംക്ഷേപം

**കൃഷി, മണ്ണുപര്യവേക്ഷണ-സംരക്ഷണം എന്നീ വകുപ്പുകളുടെ 2011-2012 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള ചർച്ച സംബന്ധിച്ച്**

1496/2014.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| സംക്ഷേപം | .. | 1 |
| അനുബന്ധം | .. | 4 |

# വിഷയനിർണ്ണയ സമിതി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
# (2013-2016)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ഡോമിനിക് പ്രസന്റേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യൂ

,, ഇ. പി. ജയരാജൻ

,, സി. മോയിൻകുട്ടി

,, എസ്. ശർമ്മ

,, എം. വി. ശ്രേയാംസ് കുമാർ

,, പി. തിലോത്തമൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

## അവതാരിക

വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)-ന്റെ പരിധിയിൽവരുന്ന കൃഷി വകുപ്പിന്റെയും മണ്ണുപര്യവേക്ഷണ-സംരക്ഷണ വകുപ്പിന്റെയും 2011-12 വർഷത്തെ വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള ചർച്ചയെ സംബന്ധിക്കുന്ന സംക്ഷേപം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(v) പ്രകാരം കൃഷി, മണ്ണുപര്യവേക്ഷണം എന്നീ വകുപ്പുകളുടെ 2011-2012 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ 7-2-2013-ൽ സമിതി നടത്തിയ ചർച്ചയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിലുള്ള ഈ സംക്ഷേപം 26-11-2014-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

**കെ. പി. മോഹനൻ,**
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2014 നവംബർ 26.

## സംക്ഷേപം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(V) പ്രകാരം സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സംരംഭങ്ങളുടെയും പ്രവർത്തന റിപ്പോർട്ടുകളെക്കുറിച്ച് പഠനം നടത്താവുന്നതാണ്. പ്രസ്തുത ചട്ടപ്രകാരം താഴെപ്പറയുന്ന വാർഷിക പ്രവർത്തന റിപ്പോർട്ടുകളെക്കുറിച്ച് പഠനം നടത്താൻ സമിതി തീരുമാനിക്കുകയുണ്ടായി:

(1) കൃഷിവകുപ്പിന്റെ 2011-12 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

(2) മണ്ണുപര്യവേക്ഷണ-സംരക്ഷണ വകുപ്പിന്റെ 2011-12-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

2. സമിതിയുടെ 7-2-2013-ലെ യോഗം മേൽ പ്രസ്താവിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയുമുണ്ടായി. ഈ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ഈ സംക്ഷേപത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

3. കൃഷി, മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പുകൾക്ക് ലഭിച്ച ബഡ്ജറ്റ് വിഹിതവും ആയത് ചെലവഴിച്ചതു സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി കൊടുത്തിട്ടുണ്ട്.

4. കൃഷിവകുപ്പിന്റെ 2011-12-ലെ പ്രവർത്തന നേട്ടങ്ങളെക്കുറിച്ച് സമിതി ആരായുകയുണ്ടായി. ആയതിന് മറുപടിയായി ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കരനെൽക്കൃഷിയും തരിശ്ഭൂമി കൃഷിയും കൂടുതൽ പ്രദേശത്ത് കൊണ്ടുവന്നു. 6539 ഹെക്ടർ സ്ഥലത്ത് കരനെൽക്കൃഷി നടത്തി. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ 29 കോടി രൂപയിൽനിന്നും കരനെൽക്കൃഷിക്കായി 3.27 കോടി രൂപ ചെലവാക്കി. നാളികേര വികസനത്തിന് ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള സംവിധാനങ്ങൾ കൊണ്ടുവന്നു. കിസാൻ അഭിമാൻ എന്ന പേരിൽ കൊടുത്തുകൊണ്ടിരുന്ന പ്രതിമാസ പെൻഷൻ തുക 300 രൂപയിൽനിന്ന് 400 രൂപയായി ഉയർത്തി. ഇവയാണ് പ്രധാനപ്പെട്ട നേട്ടങ്ങളെന്ന് കൃഷിവകുപ്പ് ഡയറക്ടർ അറിയിച്ചു. തുടർന്ന് നെല്ല് സംഭരണം സംബന്ധിച്ച് ചർച്ച ചെയ്തു. നെല്ല് സംഭരണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരാഞ്ഞതിന്, നെല്ല് സംഭരണം ഇപ്പോൾ കൃഷിവകുപ്പല്ല നടത്തുന്നതെന്നും ഹെഡ് ഓഫ് അക്കൗണ്ട് ഉൾപ്പെടെ സിവിൽ സപ്ലൈസ് വകുപ്പിന് നെല്ല് സംഭരണം കൈമാറി കൊടുത്തിരിക്കുകയാണെന്നും കൃഷിവകുപ്പ് സെക്രട്ടറി മറുപടി നൽകി.

5. കൃഷിവകുപ്പ് എല്ലാ ക്വാർട്ടറിലും ശരിയായ അനുപാതത്തിലല്ല തുക ചെലവഴിച്ചിട്ടുള്ളതെന്നും അറുപത് ശതമാനത്തോളം തുക ചെലവഴിച്ചിട്ടുള്ളത് അവസാനത്തെ ക്വാർട്ടറിലാണെന്നും ചർച്ചാവേളയിൽ സമിതിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ആയതിനാൽ കൃഷിവകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും നേട്ടങ്ങളും ഓരോ മൂന്നു മാസം കൂടുമ്പോഴും നിരീക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ആർ.കെ.വി.വൈ. പദ്ധതിയിലൂടെ ലഭിച്ച 521 കോടി രൂപയിൽ 469 കോടി രൂപ മാത്രമാണ് ഇതുവരെ ചെലവഴിച്ചതെന്നും ഡിസംബറിനകം 80% ചെലവഴിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മാത്രമേ അടുത്ത വർഷത്തേയ്ക്കുള്ള വിഹിതം കേന്ദ്ര സർക്കാർ അനുവദിയ്ക്കുകയുള്ളൂവെന്നും എല്ലാവർഷവും 50 മുതൽ 60 കോടി രൂപ വരെ കേരളത്തിന് നഷ്ടപ്പെടുന്നുണ്ടെന്നും കൃഷിവകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തി. ഈ സ്ഥിതി വളരെ നിർഭാഗ്യകരമാണെന്ന് അഭിപ്രായപ്പെട്ട് സമിതി ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞു. നിയമപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ട് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമേ ബന്ധപ്പെട്ട വകുപ്പിന് റിലീസ് ചെയ്യാൻ സാധിയ്ക്കുകയുള്ളൂവെന്നും ഇതിനായി രണ്ട് മാസത്തിലധികം സമയം വേണ്ടിവന്നതിനെത്തുടർന്ന് ചീഫ് സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ അനുമതി കൂടാതെ തന്നെ വകുപ്പിന് ഈ തുക റിലീസ് ചെയ്യാമെന്ന സ്ഥിതി ആയിട്ടുണ്ടെന്നും ഈ വർഷം മുതൽ 80% തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

7. ഫണ്ട് റിലീസ് ചെയ്തിരുന്നത് ഡിസ്ട്രിക്ട് ലെവൽ പ്ലാനിംഗ്‌വഴിയായിരുന്നപ്പോൾ എല്ലാ ജില്ലകൾക്കും തുല്യ വിതരണം സാധ്യമായിരുന്നെന്നും എന്നാൽ ഇത് കേന്ദ്രീകൃതമാക്കിയതോടുകൂടി ചില ജില്ലകൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ലെന്നും അഭിപ്രായപ്പെട്ട സമിതി ആർ.കെ.വി.വൈ.-യുടെ ഫണ്ട് ചില പദ്ധതികൾക്കായി വീതിച്ചു പോവുകയാണെന്നും പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്ന ജില്ലകൾക്ക് മാത്രമേ ഈ തുക ലഭിക്കുകയുള്ളുവെന്നും മറ്റ് ജില്ലകൾക്ക് ഈ ഫണ്ട് ലഭിക്കാതെ പോകുമെന്നും മനസ്സിലാക്കി. ഇതിന് പരിഹാരമായി മൊത്തം കാർഷികോല്പാദനവും അതിൽനിന്നുള്ള വരുമാനവും കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് റിലീസ് ചെയ്യണമെന്നുള്ള മാനദണ്ഡം നിശ്ചയിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

8. നാലു ശതമാനം കാർഷിക വളർച്ചാ നിരക്ക് കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ആർ.കെ.വി.വൈ. ഫണ്ട് ഹാർബർ എഞ്ചിനീയറിംഗ് പ്രോജക്ടിനും മെഡിക്കൽ പഠനത്തിനും കേരള കാർഷിക സർവ്വകലാശാലയ്ക്കും വകമാറ്റി നൽകുന്നതായി ചർച്ചാവേളയിൽ സമിതിയ്ക്ക് ബോധ്യപ്പെട്ടു. കാർഷിക സർവ്വകലാശാലയുടെ വിവിധ പദ്ധതികൾക്കു വേണ്ടിയും ശമ്പളവും പെൻഷനും നൽകാനും പ്രസ്തുത ഫണ്ട് സർവ്വകലാശാല വിനിയോഗിക്കുന്നുണ്ട് എന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. കാർഷികവിളകളെ

ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചോ പുതിയയിനം വിത്ത് ഉദ്പാദിപ്പിക്കുന്നതിനു വേണ്ടിയോ കാർഷികമേഖലയുടെ ഉന്നമനത്തിനായോ സർവ്വകലാശാല ഏതെങ്കിലും തരത്തിലുള്ള ഗവേഷണം നടത്താത്ത സാഹചര്യത്തിൽ കർഷകർക്കുള്ള പ്ലാൻ ഫണ്ട് കാർഷിക സർവ്വകലാശാലയ്ക്ക് നൽകരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. തുടർന്ന് ഹോർട്ടികൾച്ചർ മിഷന്റെ ഭാഗമായി നടത്തിവരുന്ന ജൈവ കൃഷിയ്ക്കാവശ്യമായ ഓർഗാനിക് വളമായ ട്രൈക്കോഡെർമ കർഷകർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. പ്രസ്തുത വളത്തിന്റെ ഉല്പാദന ചെലവ് ഒരു കവറിന് 100 രൂപയിൽ താഴെയാണെന്നും എന്നാൽ ഈ വളത്തിന് കർഷകർ 350 രൂപ നൽകേണ്ടതായി വരുന്നുവെന്നും സബ്സിഡിയുടെ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ലെന്നും ഈ അവസ്ഥയ്ക്ക് കാരണം അത്തരം വളങ്ങളുടെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനും കുറഞ്ഞ വില നിശ്ചയിക്കുന്നതിനും ഇപ്പോൾ സംവിധാനമില്ലാത്തതാണെന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഇത്തരം വളങ്ങളുടെ ഗുണമേന്മ സർട്ടിഫൈ ചെയ്ത് കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. മണ്ണുപര്യവേക്ഷണ സംരക്ഷണവകുപ്പിന്റെ 2011-2012-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2014 നവംബർ 26.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

<u>അനുബന്ധം I</u>

2011-12 സാമ്പത്തികവർഷം കൃഷി വകുപ്പിന് ലഭിച്ച ബഡ്ജറ്റ് വിഹിതവും ആയതു ചെലവഴിച്ചതു സംബന്ധിച്ച വിവരങ്ങളും താഴെ ചേർത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *ഇനം* | *ബഡ്ജറ്റ് വിഹിതം (തുക ലക്ഷത്തിൽ)* | *ചെലവ് (തുക ലക്ഷത്തിൽ)* |
|---|---|---|---|
| (എ) | <u>പദ്ധതിയിനം</u> | | |
| | കൃഷി ഡയറക്ടർവഴി നടപ്പിലാക്കുന്ന പദ്ധതികൾ | 52104.71 | 46927.85 |
| (ബി) | <u>പദ്ധതിയിതരയിനം</u> | | |
| 1. | കൃഷി ഡയറക്ടർവഴി നടപ്പിലാക്കുന്ന പദ്ധതികൾ | 47220.80 | 41434.85 |
| 2. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾ | 1147.85 | 960.48 |
| | ആകെ | 48368.65 | 42395.33 |
| (സി) | ആകെ [എ+ബി] | 100473.36 | 89323.18 |

## അനുബന്ധം II

2011-12 സാമ്പത്തികവർഷം മണ്ണുപര്യവേക്ഷണ-സംരക്ഷണ വകുപ്പിന് ലഭിച്ച ബഡ്ജറ്റ് വിഹിതവും ആയതു ചെലവഴിച്ചതു സംബന്ധിച്ച വിവരങ്ങളും താഴെ ചേർക്കുന്നു:

**മണ്ണുപര്യവേക്ഷണം**

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേരും ശീർഷകവും* | *ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ)* | *ചെലവ് (ലക്ഷത്തിൽ)* |
|---|---|---|---|
| 1 | മണ്ണുപര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം 2402-00-101-89 (പദ്ധതി) | 3.00 | 2.97 |
| 2 | 'ലബോറട്ടറീസ്' 2402-00-101-90 (പദ്ധതി) | 80.00 | 75.56 |
| 3 | സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ലിക്കേഷൻ സെൽ 2402-00-101-86 (പദ്ധതി) | 32.00 | 30.79 |
| 4 | കേന്ദ്രാവിഷ്കൃത പദ്ധതി പശ്ചിമഘട്ട വികസന പദ്ധതിയുടെ കീഴിൽവരുന്ന പ്രദേശങ്ങളിൽ സമഗ്ര ഭൂവിഭവ പര്യവേഷണം | 47.9 | 47.9 |
| | ആകെ | 162.90 | 157.22 |

**മണ്ണുസംരക്ഷണം**

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേരും ശീർഷകവും* | *ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ)* | *ചെലവ് (ലക്ഷത്തിൽ)* |
|---|---|---|---|
| (1) | (2) | (3) | (4) |
| (എ) | സംസ്ഥാനതല പദ്ധതികൾ | | |
| 1. | നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണം (ആർ.ഐ.ഡി.എഫ്.) 2402-00-102-86 (പ്ലാൻ) | 1300.75 | 1170.75 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2. | ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണുജല സംരക്ഷണം<br>5425-00-208-97 (പ്ലാൻ) | 20.00 | 19.11 |
| 3. | മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ<br>2402-00-102-87 (പ്ലാൻ) | 25.00 | 25.00 |
| 4. | മണ്ണുസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പഞ്ചായത്തുതല ഉദ്യോഗസ്ഥർക്കുമുള്ള പരിശീലന പരിപാടി<br>2402-00-102-085 (പ്ലാൻ) | 10.00 | 10.00 |
| 5. | വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം<br>2402-00-102-84 (പ്ലാൻ) | 10.00 | 9.94 |
| 6. | കുട്ടനാട് പാക്കേജ് | 353.00 | .. |
| 7. | സ്പെഷ്യൽ പാക്കേജ്—<br>ചെക്ക് ഡാം പദ്ധതി—വയനാട്<br>4402-00-800-80 (പ്ലാൻ) | 1101.00 | 61.23 |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ | | |
| 1. | കബനീനദീതട മണ്ണു സംരക്ഷണ പദ്ധതി | 118.00 | 101.72 |
| 2. | ദേശീയ നീർത്തട വികസന പദ്ധതി | 268.00 | 268.00 |
| | ആകെ | 3205.75 | 1665.75 |